# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5172 24.10.2011-ലെ മറുപടിക്ക്

## കോടശ്ശേരി - പരിയാരം സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം<br>ശ്രീ. ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി - പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; | (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി - പരിയാരം സമഗ്ര കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയ്ക്ക് വേണ്ടിയുള്ള 267.44 കി.മീ സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയ്ക്കുവേണ്ട പ്രധാന ഘടകങ്ങൾക്കുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും ലഭിക്കാത്തതിനാൽ ആയതിലേയ്ക്കുള്ള സർവ്വേ നടപടികൾ നടത്തുവാൻ സാധിച്ചിട്ടില്ല. |
| (ബി) | സർവ്വേ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ച് ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | പഞ്ചായത്തധികാരികളിൽ നിന്നും പ്രധാന ഘടകങ്ങൾക്കുള്ള സ്ഥലം ലഭിയ്ക്കുന്ന മുറയ്ക്ക് ബാക്കി സർവ്വേ വർക്കുകൾ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | വൈന്തല കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | (സി) | കാടുകുറ്റി പഞ്ചായത്തിലെ വൈന്തല പ്രദേശത്തേയ്ക്ക് ശുദ്ധജലം എത്തിക്കുന്ന മേത്തല എറിയാട് - കാടുകുറ്റി എടവിലങ്ങ് ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ പമ്പ് ഹൗസ്, ശുദ്ധീകരണശാല എന്നീ ഘടകങ്ങൾ വൈന്തലയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്ന് പരിശോധന നടത്തിയതിൻ പ്രകാരമുള്ള ചില പോരായ്മകൾ തീർക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അവ പരിഹരിച്ച് |

നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ട്രേറ്റിന്റെ അനുമതി ലഭിച്ചാൽ തുടർന്ന് കെ.എസ്.ഇ.ബി-യിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭ്യമാക്കേണ്ടതുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് ട്രയൽ റൺ നടത്തി കാടുകുറ്റി പഞ്ചായത്തിലേയ്ക്ക് ജലവിതരണം നടത്താമെന്നും, പദ്ധതി 2011 - ഡിസംബറിൽ ഭാഗികമായി കമ്മീഷൻ ചെയ്യാനാകുമെന്നും പ്രതീക്ഷിയ്ക്കുന്നു.

സെക്ഷൻ ഓഫീസർ